(ഇ) ഓരോ ജില്ലയിലും അനുവദിച്ച തുകയിൽ താഴെപറയും പ്രകാരം തുക വിതരണം ചെയ്യുവാൻ ബാക്കിയുണ്ട്.

തിരുവനന്തപുരം	:	2,26,000
കൊല്ലം	:	1,30,000
പത്തനംതിട്ട	:	1,47,000
കോട്ടയം	:	17,65,433
ഇടുക്കി	:	94,000
ആലപ്പുഴ	:	2,36,000
എറണാകുളം	:	43,000
കാസർഗോഡ്	:	മുഴുവനും വിതരണം ചെയ്തു

ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാസഹായം

6 (658)ശ്രീ. മാത്തൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാ സഹായം അനുവദിക്കുന്നതിൽ എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി യിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം;

(ബി) ചികിത്സാ സഹായം അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് നൽകി ഒരു വർഷം കഴിഞ്ഞിട്ടും ജില്ലാ കളക്ടർമാരിൽനിന്നും അനുവദിച്ച തുക ഫണ്ടില്ല എന്ന കാരണത്താൽ ലഭിച്ചിട്ടില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) തിരുവല്ല കുറ്റിപ്പുഴ ഇന്ദ്രാലയം വീട്ടിൽ ശാന്ത സോമൻ ഭർത്താവിന്റെ കിഡ്നിയുടെ രോഗ ചികിത്സക്കായി ധനസഹായത്തിനായി 25.3.2000-ൽ നൽകിയിരുന്ന അപേക്ഷയിന്മേൽ എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം 20,000/- രൂപ യിൽ താഴെയായിരിക്കണമെന്ന നിബന്ധനയുണ്ട്.

(ബി) തുക ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ഫണ്ട് സ്വരൂപി ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത അപേക്ഷയിൽ 2000/- രൂപ ധനസഹായമായി അനു വദിച്ചിട്ടുണ്ട്.

അപകടമരണത്തിനിരയാകുന്നവരുടെ കുടുംബത്തിന് ലഭിക്കുന്ന ധനസഹായം

7 (659)ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly